# ആനയുടെ മദംപൊട്ടൽ

**രവിവർമ്മ**

ആനയുടെ ചെവിയുടെയും കണ്ണിന്റെയും ഇടയിൽ നിറഞ്ഞു വീർത്തു നിൽക്കുന്ന ഭാഗമാണ് ടെംപൊറൽ ഗ്രന്ഥികൾ അഥവാ മദഗ്രന്ഥികൾ. ഈ ഗ്രന്ഥികളിൽ നിന്നും നീരൊലിക്കുന്നതിനെയാണ് മദം പൊട്ടുക എന്നു പറയുന്നത്.

ഈ സമയത്ത് ആനയുടെ ശരീരഘടനയിൽ ചില മാറ്റങ്ങൾ സംഭവിക്കുന്നു. വൃഷണത്തിന് സാധാരണനിലയെക്കാൾ നാലിരട്ടി വലുപ്പം വയ്ക്കുന്നു. സ്വബോധം നഷ്ടപ്പെടുകയും അക്രമാസക്തമാവുകയും ചെയ്യുന്നു. തന്നെ എന്നെങ്കിലും ഉപദ്രവിച്ചിട്ടുള്ള ആനക്കാരെയാണ് പൊതുവെ ഈ അവസ്ഥയിൽ ആന ഉപദ്രവിച്ചുകാണുന്നത്. അപരിചിതരെ ആക്രമിക്കുന്നത് അത്ര സാധാരണമല്ല.

കേരളത്തിലെ ആനകൾക്ക് പൊതുവെ തണുപ്പുകാലത്താണ് മദം പൊട്ടുന്നത്. ആദ്യം കരണത്തു നീരുവരും. പിന്നെ പൊട്ടി ഒലിക്കും. തുമ്പികൊണ്ട് ഇടയ്ക്ക് കരണം ചൊറിയുക, കരണത്തിന്റെ അടുത്ത് നനവുകാണുക, ആന അനുസരണക്കേട് കാണിക്കുക .. തുടങ്ങിയ ലക്ഷണങ്ങൾ മദംപൊട്ടലിന്റെ മുന്നോടിയാണ്. മിക്കവാറും എല്ലാ വർഷവും ഒരേ സമയത്താണ് ആനയ്ക്കു മദം പൊട്ടുക.

ഈ ലക്ഷണങ്ങൾ കണ്ടാൽ പിന്നെ ആനയെ അഴിക്കരുത്. മൂന്നു മാസം വരെ നീരൊലിപ്പ് നീണ്ടുനിൽക്കാം. അതിലപ്പുറം പോകുന്നത് മാരകം തന്നെയാണ്. ശരീര ജലാംശമാണ് നീരൊലിപ്പിലൂടെ നഷ്ടപ്പെടുന്നത്. നീരൊലിപ്പ് നീണ്ടാൽ അമിതമായ ജലനഷ്ടം മൂലം ആന ചെരിയാം (ഉദാ. തിരുവമ്പാടി കേശവൻ).

കെട്ടിയിട്ട ആനയ്ക്കു വെള്ളം ധാരാളമായി കൊടുക്കണം. (മറിച്ച്, നീരൊഴുക്ക് കുറയ്ക്കാനായി വെള്ളവും ഭക്ഷണവും തീരെ കുറച്ചുകൊടുക്കുന്ന ഒരു പ്രവണതയാണ് ഇപ്പോൾ ആന ഉടമസ്ഥർ ശീലിച്ചുകാണുന്നത്. ഇത് ക്രൂരതയാണ്). കെട്ടിയിടുന്ന സ്ഥലം വൃത്തിയായി സൂക്ഷിക്കണം. പാപ്പാന്മാർ പിന്നിൽ കൂടി വന്ന് എരണ്ട (പിണ്ഡം) മാറ്റണം. ദൂരെനിന്നും തോട്ടിയോ മറ്റോ ഉപയോഗിച്ച് കാലിലെ ചങ്ങലകളുടെ സ്ഥാനം ഇടയ്ക്കു മാറ്റണം. അല്ലെങ്കിൽ പൊട്ടിപ്പഴുത്ത് വ്രണമാകും.

വെള്ളരിക്ക, നേന്ത്രപ്പഴം, വാഴത്തണ്ട് അരിഞ്ഞത്, തൈര്, ചോറ്, ശർക്കര എന്നിവ ധാരാളമായി ഭക്ഷണമെന്ന നിലയിൽ കൊടുക്കാം. എള്ള്, അമുക്കുരം, വയൽച്ചുള്ളിയുടെ വിത്ത് ഇവ പൊടിച്ച് തേങ്ങാപ്പാലും തേനും സമം ചേർത്ത് ഉരുളയാക്കി കൊടുക്കണം. [illegible]

ന്ന് ഒലിച്ച് ഒഴിഞ്ഞുപോകാൻ ഇത് സഹായിക്കും.

നീരുള്ള സമയത്ത് ആന കണ്ണമിറക്കാതെയാണ് മൂത്രമൊഴിക്കുക. കണ്ണ മുഴുവൻ പുറത്തിറക്കി മൂത്രമൊഴിച്ചാലേ നീരു പൂർണമായി വറ്റി എന്നു പറയാനാവൂ. നീരുമുഴുവനായും വറ്റുംവരെ ആനയെ അഴിക്കരുത്.

ആന ഉടമസ്ഥർ പണത്തോടുള്ള താൽപര്യം മൂലം മദപ്പാടിന്റെ ലക്ഷണങ്ങൾ കാണിച്ചു തുടങ്ങുന്ന പ്രാരംഭഘട്ടത്തിലും മദപ്പാട് ഭേദപ്പെട്ടുകൊണ്ടിരിക്കുന്ന അവസാനഘട്ടത്തിലും ആനയെ എഴുന്നള്ളിപ്പിനും മറ്റുമായി പുറത്തിറക്കും. അക്രമം കാട്ടുന്ന ആനകൾ ഭൂരിപക്ഷവും ഇക്കൂട്ടത്തിൽപ്പെട്ടവയാണ്.

കാട്ടാനകളിലും മദപ്പാട് കാണുന്നുണ്ട്. പക്ഷെ, അവയുടെ നീര് എത്രകാലം നീണ്ടുനിൽക്കും എന്ന് കണ്ടുപിടിക്കാനായിട്ടില്ല.

നീരുള്ളസമയത്ത് ലൈംഗികാഭിനിവേശം കൂടുന്നുണ്ട്. ഈ അവസരം ഇണചേരാനുള്ള അവസരമൊരുക്കിയാൽ നീരു കുറയാൻ സാധ്യതയുണ്ട്. പക്ഷെ, കൊമ്പനാനക്ക് നീരുണ്ടെങ്കിലും പിടിയാനക്ക് മദി (ലൈംഗിക താല്പര്യമുള്ള അവസ്ഥ) ഇല്ലെങ്കിൽ പിടിയാന ഇണചേരാൻ തയ്യാറാവുകയില്ല. നാലു മാസത്തിലൊരിക്കലാണ് പിടിക്ക് മദിയുണ്ടാവുക.

□

# പ്രകൃതി .

കേരളത്തിലെ ഇന്ന് ജീവിച്ചിരിക്കുന്ന ആയുർവേദാചാര്യന്മാരിൽ ഒരാളായ

വൈദ്യഭൂഷണം കെ. രാഘവൻ തിരുമുൽപ്പാട് 1957 ൽ പുറത്തിറക്കിയ പുസ്തകത്തിന്റെ രണ്ടാമത്തെ പതിപ്പാണ് ഇപ്പോൾ ആൾട്ടർമീഡിയയും ഗ്രാസ് ഹോപ്പറും കൂടി പുറത്തിറക്കിയിരിക്കുന്നത്. ഒരു ആയുർവേദാചാര്യൻ പ്രകൃതിചികിത്സയെക്കുറിച്ച് പഠിച്ചും പ്രയോഗിച്ചും തയ്യാറാക്കിയ ഗ്രന്ഥം എന്ന നിലക്ക് ഈ ഗ്രന്ഥം പ്രാധാന്യമർഹിക്കുന്നു.

"ആയുർവേദപരമായി ഞാൻ എഴുതിയിട്ടുള്ള ലേഖനങ്ങളിലും എന്റെ ചികിത്സാരീതിയിൽ തന്നെയും പ്രകൃതിചികിത്സയുടെ പ്രഭാവം